കേരള സർക്കാർ

"ഭരണഭാഷ – മാതൃഭാഷ"

ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം
തീയതി:01-04-2025
ഇ-മെയില് : fisheriesdirector@gmail.com

DFTVM/2128/2021-F3

**<u>സർക്കുലർ നമ്പർ 7/2025</u>**

വിഷയം :- ഫിഷറീസ്- സഹകരണം - പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2025 - ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1) ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാറുടെ 25/01/2025 ലെ 2/2025 നമ്പർ സർക്കുലർ.

2) ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാറുടെ 19/02/2025 ലെ 3/2025 നമ്പർ സർക്കുലർ.

3) ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാറുടെ 20/03/2025 ലെ 5/2025 നമ്പർ സർക്കുലർ.

4) സഹകരണ സംഘം രജിസ്ട്രാറുടെ 31/03/2025 ലെ 14/2025 നമ്പർ സർക്കുലർ

സംസ്ഥാനത്തെ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങളായി മാറ്റുന്നതിനും, വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും കൂടി സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സംഘങ്ങളിൽ 2025 ജനുവരി 2 മുതൽ 2025 മാർച്ച് 31 വരെ നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2025 - നടത്തുന്നത് സംബന്ധിച്ച് സൂചന (1), (3) പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

സഹകാരികൾക്ക് ടി പദ്ധതിയുടെ ആനുകൂല്യം പൂർണ്ണമായും പ്രയോജന പ്പെടുത്തുവാൻ സാധിച്ചിട്ടില്ലായെന്നും, പദ്ധതിയുടെ ആനുകൂല്യം തുടർന്നും ലഭ്യമാക്കണമെന്നും വ്യാപകമായ ആവശ്യം ഉയർന്നതിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാരുടെ സൂചന (1) (2) സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി സൂചന (4) സർക്കുലറിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയുടെ കാലാവധി 2025 ഏപ്രിൽ 1 മുതൽ 2025 ഏപ്രിൽ 30 വരെ ദീർഘിപ്പിച്ച് നടപ്പിലാക്കുവാൻ അനുമതി നൽകുന്നു.

Sd/-
SAFNA NAZARUDEEN IAS
DIRECTOR OF FISHERIES
ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/

ഉത്തരവിൻ പ്രകാരം

ഫിഷറീസ് ഡെപ്യൂട്ടി രജിസ്ട്രാർ

ഫിഷറീസ് ഡയറക്ടർ

പകർപ്പ്:

1) ദക്ഷിണ/മദ്ധ്യ/ഉത്തര മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർമാർ
2) മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്.
3) ഫിഷറീസ് ഡെപ്യൂട്ടി രജിസ്ട്രാർ
4) എല്ലാ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും.
5) എല്ലാ പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങൾക്കും
   (യൂണിറ്റ് ഇൻസ്പെക്ടർമാർ മുഖേന)
6) വെബ് സൈറ്റ്
7) സ്റ്റോക്ക് ഫയൽ/സ്പെയർ